പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 326 — 28-06-2011-ൽ മറുപടിക്ക്

## ആരാധനാലയങ്ങളുടെ നിർമ്മാണാനുമതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ആരാധനാലയങ്ങൾ നിർമ്മിക്കാനും പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾ നടത്തുവാൻപോലും ജില്ലാ കളക്ടറുടെ അനുമതി വേണമെന്ന് നിലവിൽ കെട്ടിട നിർമ്മാണ ചട്ട ഭേദഗതി നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ടോ; | (എ) ആന്റ് (ബി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് 21/06/2010-ൽ പുറപ്പെടുവിച്ച ഭേദഗതി പ്രകാരം കെട്ടിടങ്ങളുടെ നിർമ്മാണം, പുനർ നിർമ്മാണം, മാറ്റം വരുത്തൽ, കൂട്ടിച്ചേർക്കൽ, ഭൂവികസനം, പുനർ വികസനം എന്നിവ മതപരമായ ആവശ്യങ്ങൾക്കോ, ആരാധനാലയങ്ങൾക്കായോ നടത്തേണ്ട പക്ഷം ജില്ലാ കളക്ടറുടെ അംഗീകാരം വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 14/02/2011-ലെ ജി.ഒ (എം.എസ്)41/2011/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരം ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7 ഉപചട്ടം (5) പ്രകാരം മതപരമായ ആവശ്യത്തിനുവേണ്ടിയുള്ളതോ ആരാധനയ്ക്കു വേണ്ടിയുള്ളതോ ആയ കെട്ടിടങ്ങളുടെ പുതിയ നിർമ്മാണത്തിനോ, ഈ ആവശ്യത്തിനു വേണ്ടിയുള്ള കെട്ടിടങ്ങളുടെ പുനർ നിർമ്മാണം, മാറ്റം വരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവയുടെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിയോ,അഭിപ്രായമോ, അനുവാദമോ നേടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള ആരാധനാലയത്തിന്റെ അധിക നിർമ്മാണ വിസ്തൃതിയോ, നിലവിലുള്ള കെട്ടിടത്തിന്റെ പണിപ്പുരകൾക്ക് വ്യതിയാനമോ ഉൾപ്പെടാത്ത പുനരുദ്ധാരണത്തിനുവേണ്ടിയുള്ള അപേക്ഷകൾ അപ്പെൻഡിക്സ് Nലുള്ള ഫാറം അപേക്ഷകൻ പൂരിപ്പിച്ച് സെക്രട്ടറി പരിശോധിച്ച ശേഷം ജില്ലാ കളക്ടറുടെ അംഗീകാരത്തോടെ മാത്രമേ അനുമതി നൽകാൻ പാടുള്ളൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

(ബി) എങ്കിൽ നേരത്തെ ഇവയ്ക്ക് അനുമതി നൽകാൻ പഞ്ചായത്ത് സെക്രട്ടറിമാർക്കുണ്ടായിരുന്ന അധികാരം അവരിൽ നിന്ന് മാറ്റി ജില്ലാകളക്ടർമാർക്ക് നൽകാനുണ്ടായ സാഹചര്യമെന്താണ്;

(ബി) 1993-ലെ ജി.ഒ.(പി) 170/93/ഹോം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനു മുമ്പ് ജില്ലാ കളക്ടറെ അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് 25/07/2005-ലെ ജി.ഒ.(പി) 217/05/ഹോം നമ്പർ ഉത്തരവ് പ്രകാരം "മാന്വൽ ഓഫ് ഗൈഡ്‌ലൈൻസ് ടു പ്രിവന്റ് ആന്റ് കൺട്രോൾ കമ്മ്യൂണൽ ഡിസ്റ്റർബൻസസ് ആന്റ് ടു പ്രൊമോട്ട് കമ്മ്യൂണൽ ഹാർമണി -2005" എന്ന പേരിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലെ 23-ാം ഖണ്ഡിക പ്രകാരം ജില്ലാ ഭരണാധികാരിയുടെ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്. അതിനാൽ ജില്ലാ കളക്ടറുടെ അനുമതി ആരാധനാലയങ്ങളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും ആവശ്യമാണെന്നുള്ളത് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ മുതൽ പ്രാബല്യത്തിലുണ്ട്. എന്നാൽ ഈ തരത്തിലുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽതന്നെ നിക്ഷിപ്തമാണ്.

(സി) പ്രസ്തുത നടപടി മൂലം ആരാധനാലയങ്ങളുടെ അറ്റകുറ്റപ്പണി കഴിക്കു പോലും ഏറെ കാലതാമസം അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇല്ല.

(ഡി) എങ്കിൽ ഇതിനുള്ള അധികാരം പൂർണ്ണമായും പഞ്ചായത്ത് സെക്രട്ടറിമാർക്ക് തന്നെ തിരിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ഡി) ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ചശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ആഫീസർ